LIBRARY ARCHIVES Kerala Legislative Assembly

കോവിഡ് -19 പ്രതിരോധ വാക്സിൻ

236 (3263) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ്-19 പ്രതിരോധ വാക്സിൻ ഇതുവരെ എത്രപേർക്ക് നൽകിയിട്ടുണ്ടെന്നറിയിക്കുമോ?

31-7-2021 വരെ സംസ്ഥാനത്ത് 1,41,60,510 ഗുണഭോക്താക്കൾക്ക് കോവിഡ് -19 പ്രതിരോധ വാക്സിന്റെ ഒന്നാം ഡോസും അവരിൽ 60,59,874 പേർക്ക് രണ്ടാമത്തെ ഡോസും നൽകിയിട്ടുണ്ട്.

(ബി) ജില്ലാ അടിസ്ഥാനത്തിൽ വിശദ വിവരം ലഭ്യമാക്കാമോ?

ജില്ലാ അടിസ്ഥാനത്തിൽ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

മെഡിക്കൽ സ്റ്റോറുകളിലെ ഫാർമസിസ്റ്റുകൾക്ക് കോവിഡ് വാക്സിൻ

237 (3264) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 ബാധിക്കുന്ന രോഗികളിൽ കൂടുതൽ പേരും രോഗലക്ഷണങ്ങളുമായി (പനി, തൊണ്ടവേദന, തലവേദന തുടങ്ങിയവ) ആദ്യം എത്തുന്നത് അടുത്തുള്ള മെഡിക്കൽ ഷോപ്പുകളിലാണ് എന്നതിനാൽ, രോഗികളുമായി നേരിട്ട് ഇടപെടുന്നതുകൊണ്ട് നിരവധി ഫാർമസിസ്റ്റുകൾക്ക് അസുഖം ബാധിക്കുകയും മരണപ്പെടുകയും ചെയ്തിട്ടുള്ളത് പരിഗണിച്ച് സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ സ്റ്റോറുകളിലെ പതിനയ്യായിരത്തോളം ഫാർമസിസ്റ്റുമാരെ ആരോഗ്യ രംഗത്തെ മുൻനിര പ്രവർത്തകർ എന്ന നിലയിൽ പരിഗണിച്ച് കോവിഡ് വാക്സിൻ നൽകുന്നതിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുമോ?

19-5-2021-ലെ സ.ഉ. (സാധാ) നമ്പർ 1102/2021/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം അവശ്യ സാധനങ്ങൾ വിൽക്കുന്ന കടകളിലെ സ്റ്റാഫിനെ (Staff of shops providing essential supplies) കോവിഡ് വാക്സിനേഷൻ ലഭിക്കുന്നതിനുള്ള മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) അപകടകരമായ സാഹചര്യത്തിലും ഗുരുതരമായ കോവിഡ് വ്യാപന പ്രദേശങ്ങളിലടക്കം എല്ലാ ദിവസവും സേവനം ചെയ്യുന്ന ഫാർമസിസ്റ്റുമാർക്കും റേഷൻ വ്യാപാരികൾക്ക് ഏർപ്പെടുത്തിയ മാതൃകയിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താൻ ആലോചനയുണ്ടോയെന്ന് അറിയിക്കുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

(ബി&സി) ഫാർമസിസ്റ്റുമാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

കോവിഡ് ചികിത്സയിൽ ആയുർവേദത്തിന്റെ ഫലപ്രാപ്തി

238 (3265) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃതം, ഭേഷജം പദ്ധതികളുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ടുകളിൽ കോവിഡ് പ്രതിരോധത്തിനും ചികിത്സയ്ക്കും ആയുർവേദ ചികിത്സയിൽ ഫലപ്രാപ്തി ഉണ്ടെന്നു കണ്ടെത്തുകയുണ്ടായോ; ഈ പഠനങ്ങളിൽ എത്ര പേരാണ് പങ്കെടുത്തിട്ടുള്ളത്?

അമൃതം പദ്ധതിയുടെ ഭാഗമായി കേരളത്തിലാകമാനം കോവിഡ് നിരീക്ഷണത്തിലിരുന്ന 101218 പേരിൽ 2020 മേയ് 21 മുതൽ ജൂലൈ 4 വരെ നടത്തിയ പഠനത്തിൽ ആയുർവേദ ഔഷധങ്ങൾ ഉപയോഗിച്ചവരിൽ 0.34% പേർ മാത്രമാണ് നിരീക്ഷണകാലത്തിനുള്ളിൽ കോവിഡ് പോസിറ്റീവ് ആയത്. എന്നാൽ മരുന്ന് ഉപയോഗിക്കാത്തവരിൽ അതേ കാലയളവിൽ പോസിറ്റീവ് ആയത് 1.67% പേർ ആണ്. ഇത്തരത്തിൽ നിരീക്ഷണത്തിലിരിക്കെ ആയുർവേദ മരുന്നുപയോഗിക്കുകയും കോവിഡ് പോസിറ്റീവ് ആകുകയും ചെയ്തവരിൽ രോഗലക്ഷണങ്ങളുടെ തീവ്രതയും കുറവായിരുന്നു. അതുപോലെ നിരീക്ഷണത്തിലിരിക്കെ കൂടുതൽ ദിവസം ആയുർവേദ മരുന്ന് കഴിച്ചവരിൽ അങ്ങനെയല്ലാത്തവരെ അപേക്ഷിച്ച ലക്ഷണങ്ങളില്ലാത്ത രോഗികളുടെ എണ്ണം ശ്രദ്ധേയമായ തരത്തിൽ കൂടുതലായിരുന്നു. അപ്രകാരം ആയുർവേദ ഔഷധങ്ങൾ സ്വീകരിക്കുകയും പിന്നീട് കോവിഡ് പോസിറ്റീവ് ആകുകയും ചെയ്തവരിൽ ആരും തന്നെ ഗുരുതര രോഗാവസ്ഥയിലേയ്ക്ക് എത്തിയിരുന്നില്ല എന്നതും ശ്രദ്ധേയമാണ്. ആയുർവേദ കോവിഡ് ചികിത്സാ പദ്ധതിയായ ഭേഷജത്തിന്റെ ഒരു പഠനം 2020 ഡിസംബർ 1 മുതൽ 2021 ജനുവരി 15 വരെയുള്ള കാലയളവിൽ നടത്തിയിരുന്നു. ആയതിലുൾപ്പെട്ട 9855 ഗുരുതരാവസ്ഥയിലല്ലാത്ത കോവിഡ് രോഗികളിൽ 95.87% പേർക്കും കോംപ്ലിക്കേഷൻസ് കൂടാതെ കോവിഡ് പൂർണ്ണമായി സുഖപ്പെട്ടു. കേവലം 44 (0.45%)രോഗികളെയാണ് ഭേഷജത്തിൽ നിന്നും റെഫർ ചെയ്യേണ്ടതായി വന്നത്. അതിൽ തന്നെ 35 (0.36%) പേർക്ക് ഇന്റെൻസീവ് കെയർ ആവശ്യമായി വരികയും ചെയ്തു. മേൽ പഠനങ്ങളിലെല്ലാംതന്നെ ആയുർവേദ ഔഷധങ്ങൾ ഉപയോഗിച്ചതുകൊണ്ട് എന്തെങ്കിലും തരത്തിലുള്ള ശ്രദ്ധേയമായ ഔഷധ ജനിതമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly